## നോവൽ അവസാനിക്കുന്നു

# അഹ്മദ് ഖലീൽ

**മര്‍യം ജമീല**

വിവ: ഹഫ്‌സ



**റഫീഖിന്റെ** സുഖവിവരങ്ങൾ അന്വേഷിച്ച് തൽക്കാലം വിഷയം മാറ്റാമെന്നുദ്ദേശിച്ച് ചോദിച്ചു: "റഫീഖ് നിന്റെ കൂടെ വരാതിരുന്നതെന്തേ?"

ഇസ്മാഈൽ ബാപ്പയുടെ മുഖത്ത് നോക്കാതെ പ്രതിവചിച്ചു: "അവന് ഒരുപാട് പണിയുണ്ട്."

"നിനക്കും പണിയില്ലേ? നേര് പറ, എന്തുപറ്റി റഫീഖിന്? മൂന്നു മാസമായി അവന്റെ ഒരു കത്ത് കിട്ടിയിട്ട്. ആഴ്ചയിൽ ഓരോ കത്ത് വീതം അയക്കുന്ന അവൻ- എന്താണ് അവന് അവിടെ ഇത്ര തിരക്കുള്ള പണി? മൂന്നു മാസം മുമ്പെഴുതിയ കത്തിൽ അവിടത്തെ ജീവിതത്തെക്കുറിച്ച് സന്തോഷകരമല്ലാത്ത ചില വാചകങ്ങൾ കണ്ടതായി ഞാനോർക്കുന്നു. അവിടെ തുടരാൻ ഇഷ്ടമില്ലെങ്കിൽ മടങ്ങിവരൂ എന്ന് ഞാനെഴുതിയിരുന്നു. എന്തു പറ്റി അവന്?"

മറുപടി പറയാതെ തറയിൽ ദൃഷ്ടിയൂന്നി നിന്നു ഇസ്മാഈൽ.

"പറ മോനേ, എന്താ റഫീഖിന്?"

"അവൻ പോയുപ്പാ."

"പോയോ- നീ പറയുന്നത്..."

"ഉപ്പ മനസ്സിലാക്കുന്നതുതന്നെ."

കഠിനമായ തളർച്ച തോന്നി അഹ്മദ് ഖലീലിന്. അയാളുടെ കണ്ണുകളിൽ ഇരുട്ട് കയറി. കുറേ നേരത്തേക്ക് കണ്ണടച്ച് ചുമരും ചാരി അയാൾ മൗനം പൂണ്ടിരുന്നു. മെല്ലെ കണ്ണ് തുറന്നുകൊണ്ടാരാഞ്ഞു: "നീ എന്തേ ഈ വിവരം അറിയിച്ചില്ല?"

"ഒരു ദുർമരണമായിരുന്നു ബാപ്പാ. മണികണ്ഠത്തിലെ ഞരമ്പ് മുറിച്ച് ആത്മഹത്യ ചെയ്യുകയായിരുന്നു റഫീഖ്."

"എന്തിന്? നേര് പറ. എന്തിനാണവൻ..."

"എന്തിനെന്ന് ചോദിച്ചാൽ- നടന്നതെന്തെന്ന് കേട്ടാൽ ഉപ്പ എന്നെ കുറ്റപ്പെടുത്തരുത്. താമസസ്ഥലത്ത് ഞാൻ ചെല്ലുമ്പോൾ അവൻ രക്തത്തിൽ കിടക്കുകയായിരുന്നു. ഉടനെ ആശുപത്രിയിലേക്കെടുത്തു. അവിടെ എത്തും മുമ്പേ അവൻ മരിച്ചു. എന്തിനാണ് ബാപ്പ എന്നെ ഇങ്ങനെ തുറിച്ചുനോക്കുന്നത്? ആത്മഹത്യ ചെയ്യാൻ അവനെ പ്രേരിപ്പിക്കുന്നതൊന്നും ഞാൻ ചെയ്തിട്ടില്ല."

"എന്തോ നീ മറച്ചുപിടിക്കുന്നുണ്ട്. നേര് മുഴുവനും പറ."

"കമ്പനിയിലെ ചീഫ് അക്കൗണ്ടന്റിന്റെ അസിസ്റ്റന്റായി ഒരാളെ വേണം. എയർകണ്ടീഷൻ ചെയ്ത ഓഫീസും ദഹ്‌റാനിലെ അമേരിക്കൻ ക്വാർട്ടേഴ്സിൽ താമസസൗകര്യവും ലഭിക്കും. റഫീഖ് ആ ജോലി വേണമെന്നാഗ്രഹിച്ചു. ഞാനും ആഗ്രഹിച്ചു. റഫീഖിന് ആ ജോലിയിൽ ശോഭിക്കാൻ കഴിയില്ലെന്നുറപ്പാണ്. കാരണം, എളാപ്പയെപ്പോലെ അവനും കിറുക്കിന്റെ ലക്ഷണങ്ങൾ കാണിക്കുമായിരുന്നു. കാരണമില്ലാതെ വിഷാദമൂകനായി കഴിഞ്ഞുകൂടുക. ഞാൻ ടെലിവിഷൻ കാണുമ്പോഴും പാട്ട് കേൾക്കുമ്പോഴും അസഹ്യത പ്രകടിപ്പിക്കുക. ഇടക്കിടെ എന്തോ ചിന്തയിൽ മുഴുകിയിരുന്ന് കണ്ണീർ വാർക്കുക. എളാപ്പയെ എനിക്ക് മറക്കാൻ കഴിയുമോ? അറപ്പും വെറുപ്പുമുളവാക്കുന്ന..."

"ഇസ്മാഈൽ എന്റെ അനിയനെക്കുറിച്ച്..."

"ബാപ്പ ക്ഷമിക്കണം. എളാപ്പയെക്കുറിച്ചോർത്തപ്പോൾ, കമ്പനിയിൽ ചീഫ് അക്കൗണ്ടന്റിന്റെ അസിസ്റ്റന്റായി നിയമിതനായാൽ റഫീഖ് പേരു

ദോഷം വരുത്തുകയേയുള്ളൂ എന്ന് ഞാൻ കണ്ടു. ആ ഉത്തരവാദിത്വമുള്ള ഉന്നതോദ്യോഗം വഹിക്കാൻ അവന് കഴിയില്ല. അവന്റെ ബാപ്പയെപ്പോലെ അവനും ശുദ്ധ ഭ്രാന്തനായി മാറിപ്പോകും എന്ന് ന്യായമായും ഞാൻ ഭയന്നു. അതുകൊണ്ട്..."

'ഇസ്മാഈൽ' എന്ന് അട്ടഹസിച്ചുകൊണ്ട് അഹ്മദ് ഖലീൽ ചാടിയെഴുന്നേറ്റ് മകന്റെ തോൾ രണ്ടിലും അമർത്തിപ്പിടിച്ച് കുലുക്കി. പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ട ചുമ മൂലം അയാൾക്ക് കുറേ നേരത്തേക്ക് ഒന്നും പറയാനായില്ല. ചുമയടങ്ങിയപ്പോൾ കിതപ്പോടെ അയാൾ പറഞ്ഞു: "അതുകൊണ്ട് നീ നിന്റെ സ്വന്തം രക്തത്തെ ഒറ്റിക്കൊടുത്തു. അവൻ ഉദ്യോഗത്തിൽ നിയമിതനാവാൻ കൊള്ളില്ലെന്ന് നീ അവരോട് പറഞ്ഞു. നീ... ഇത്ര ദുഷ്ടനാവാൻ നിനക്കെങ്ങനെ കഴിഞ്ഞു എന്റെ മോനേ"

"ഞാൻ ചെയ്തത് ദുഷ്ടത്തരമാണെന്ന് എനിക്ക് തോന്നുന്നില്ല."

"നീ ചെയ്തത് ദുഷ്ടത്തരം തന്നെ. സമർഥനായ നിനക്ക് വേറൊരു ജോലി കണ്ടുപിടിക്കാമായിരുന്നില്ലേ? കമ്പനി അവനെ ഇഷ്ടപ്പെട്ടെങ്കിൽ അവനെക്കുറിച്ചുള്ള നിന്റെ നിരർഥകമായ ഭയാശങ്കകൾ അവരുടെ മുന്നിൽ വിളമ്പാൻ എങ്ങനെ നിനക്ക് മനസ്സ് വന്നു? അല്ലാഹുവിനോട് മാപ്പിരക്ക്. അല്ലാഹു നിന്നോട് കരുണ കാണിച്ചേക്കും. രാപ്പകൽ മാപ്പിരക്കുക."

"ഞാനൊരു കുറ്റവും ചെയ്തില്ലല്ലോ. എന്തിനാണ് മാപ്പിരക്കേണ്ടത്? റഫീഖിനെ ആ ഉദ്യോഗത്തിൽ നിയമിച്ചാൽ പിന്നീട് കമ്പനിയും ഖേദിക്കേണ്ടിവരുമെന്ന് ഞാൻ കണ്ടു. എന്റെ കാര്യം ഞാൻ നോക്കണ്ടേ? അവനേക്കാൾ എന്തുകൊണ്ടും യോഗ്യനാണ് ഞാനെന്ന് വെളിപ്പെടുത്തിയാൽ അതൊരു കുറ്റമാണോ? സ്വന്തം ദൗർബല്യവും അപ്രാപ്തിയും മനസ്സിലാക്കാതെ അത്തരമൊരു ഉദ്യോഗം ആഗ്രഹിച്ച റഫീഖല്ലേ കുറ്റക്കാരൻ?"

"ഇസ്മാഈൽ, ഇത്രമാത്രം സ്വാർഥനാകാൻ നിനക്കെങ്ങനെ കഴിയുന്നു? എന്നേക്കാൾ അറിവുണ്ടെന്ന് നീ അഹങ്കരിക്കുന്നുണ്ടല്ലോ. പറയൂ, സ്വന്തം രക്തബന്ധുവിനെ കൊലക്ക് കൊടുത്തിട്ട് എന്താണ് നേടിയത്?"

"ഞാനാരെയും കൊലക്ക് കൊടുത്തിട്ടില്ല. നേട്ടങ്ങളെല്ലാം അർഹിക്കുന്നതുതന്നെയാണെന്ന് പറഞ്ഞാൽ ഉപ്പാക്ക് മനസ്സിലാവില്ല. ഇന്നെനിക്ക് നല്ലൊരു വീടുണ്ട്. ഈ ഉദ്യോഗത്തിൽ തുടരുന്ന കാലത്തോളം വീട് എന്റെ സ്വന്തം തന്നെ. ഒരു നല്ല ഭാര്യയുണ്ട്. എല്ലാ സുഖസൗകര്യങ്ങളുമുണ്ട്. എന്റെ കുട്ടികളെ വളർത്താൻ ഉപ്പയെപ്പോലെ കഷ്ടപ്പെടേണ്ടിവരില്ല, ഒരിക്കലും. ദുരിതപൂർണമായ കുട്ടിക്കാലം എന്റെ ഓർമയിലുണ്ട്. ഇനിയും........"

"ഇസ്മാഈൽ, നിനക്ക് ഈ ജീവിതത്തെക്കുറിച്ച് മാത്രമേ ചിന്തയുള്ളൂ? മരണാനന്തരം ഒരു ജീവിതമുണ്ടെന്ന് ഓർക്കുക. അല്ലാഹു എല്ലാം കാണുന്നുണ്ട്, കേൾക്കുന്നുണ്ട്, അറിയുന്നുണ്ട്. അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടവനാണ് നീ. എല്ലാറ്റിനും അല്ലാഹുവിന്റെ മുന്നിൽ നീ കണക്ക് പറയേണ്ടിവരും."

ഇസ്മാഈൽ പൊട്ടിച്ചിരിച്ചു. ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു: "മരണാനന്തരം എന്തു സംഭവിക്കുമെന്നതിനെക്കുറിച്ച് എനിക്കൊരു വേവലാതിയുമില്ല. എനിക്ക് ചെറുപ്പം. ഭാര്യയും മക്കളുമൊത്ത് ഈ ലോകത്ത് ജീവിക്കുന്ന കാലത്തോളം സ്വമേധയാ ദുരിതങ്ങൾ ഏറ്റുവാങ്ങാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജീവിതമെന്നാൽ മരണത്തെ നീട്ടിവെക്കലാണെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. മരണത്തെ മാത്രമേ ഞാൻ ഭയക്കുന്നുള്ളൂ. ബാപ്പക്കുമില്ലേ മരണത്തെക്കുറിച്ച് ഭയം?"

ശാന്തമായി, എന്നാൽ ദൃഢസ്വരത്തിൽ അഹ്മദ് ഖലീൽ പറഞ്ഞു: "ഒരു മുസ്ലിമാണ് ഞാൻ. അക്രമം മാത്രമേ ഒരു മുസ്ലിമിനെ ഭയപ്പെടുത്തൂ. നീ അക്രമം ചെയ്തു. അല്ലാഹുവിനോട് മാപ്പിരക്കുക. ഇല്ലെങ്കിൽ മരണത്തേക്കാൾ വേദനാജനകമായ ശിക്ഷ നീ അനുഭവിക്കേണ്ടിവരും."

ടൈ ശരിപ്പെടുത്തുന്നതായി ഭാവിച്ചുകൊണ്ട് അസ്വസ്ഥതയോടെ ഇസ്മാഈൽ പറഞ്ഞു: "ബാപ്പാ, എനിക്ക് പുറപ്പെടാൻ സമയമായി. ഇപ്പോളിറങ്ങിയാൽ ജിദ്ദയിലേക്കുള്ള ബസ് പിടിക്കാം. ഞാൻ..."

"നീ പോയ്ക്കോളൂ. പക്ഷേ ........"

മകനെ ചുമലിൽ പിടിച്ചുനിർത്തിഅയാൾ തുടർന്നു: "പുറപ്പെടും മുമ്പ് നീ ഇതുകൂടി കേൾക്കുക. എന്റെ മുഖത്ത് നോക്കണം. നേർക്കുനേരെ കണ്ണിൽ നോക്കണം. നിന്നെ ഇത് ഇപ്പോൾ കേൾപ്പിക്കുന്നത് ഞാനാണെങ്കിലും വാക്കുകൾ എന്റേതല്ല. അല്ലാഹുവിന്റെ വചനങ്ങൾ ശ്രദ്ധിക്കുക:

*ദുരമൂത്ത് നിങ്ങൾക്ക് വെളിവില്ലാതായിരിക്കുന്നു. ഈ നിലയിൽ നിങ്ങൾ എവിടം വരെ പോകും. ഖബ്റിടം വരെയോ- അല്ല, നിങ്ങളറിയാൻ പോകുന്നു. ഉറപ്പായും നിങ്ങൾ അറിയാൻ പോകുന്നു. കണ്ണാൽ നരകം നിങ്ങൾ കാണാൻ പോകുന്നു. അതേ, കണ്ണ് തുറന്ന് നരകം നിങ്ങൾ കാണാൻ പോകുന്നു.*

"ബാപ്പാ, എന്നെ വിട്. ഞാൻ പോകുന്നു."

ബാപ്പയുടെ പിടിവിടീച്ച് സൂട്ട്കേസ് കൈയിലെടുത്തുകൊണ്ട് തിരക്കിട്ട് പുറത്തേക്ക് നടന്നു ഇസ്മാഈൽ. വാതിൽക്കലോളം അഹ്മദ് ഖലീൽ മകനെ പിന്തുടർന്നു. മകൻ കണ്ണിൽനിന്ന് മറയുന്നതുവരെ അയാളവിടെത്തന്നെ നിന്നു. ഒരിക്കൽ പോലും പിന്തിരിഞ്ഞുനോക്കിയില്ല ഇസ്മാഈൽ.

അഹ്മദ് ഖലീലിന്റെ നെടുവീർപ്പ് തൊണ്ടയിൽ കുടുങ്ങി. അയാൾ ചുമയ്ക്കാൻ തുടങ്ങി. ശക്തിയായ ചുമ. വീണുപോവാതിരിക്കാൻ ഇരുകൈകളും ചുമരിലൂന്നിക്കൊണ്ട് അയാൾ കുനിഞ്ഞുനിന്നു. ചുമ അടങ്ങുന്നില്ല. അസ്മ വന്ന് അയാളുടെ പുറം തടവിക്കൊടുത്തു.

"വാ, വന്ന് കിടക്ക്." അവൾ അയാളുടെ കൈപിടിച്ചു നടത്തിച്ചു. റാശിദും അസ്മയും കൂടി അയാളെ താങ്ങിപ്പിടിച്ചു കിടത്തി. നെറ്റി തീ പോലെ പൊള്ളുന്നു. പനിച്ച് വിറക്കുകയാണ് അഹ്മദ് ഖലീൽ. റാശിദ് അയാളെ പുതപ്പിച്ചു. കൈകാലുകൾക്ക് തണുപ്പ്. വരണ്ട ചുണ്ടുകൾ വിടർത്തി അയാൾ വെള്ളം ആവശ്യപ്പെട്ടു. മൂന്നാലിറക്ക് കുടിച്ച് അയാൾ കണ്ണടച്ചു....

ഇറാഖ് അൽ മൻശിയയിലെ പാടത്താണ് താനിപ്പോൾ. നിലം ഉഴുതുമറിക്കുന്നു. വിത്തെറിയുന്നു. വല്യുപ്പ വരമ്പത്തുനിന്ന് എല്ലാം നോക്കിക്കാണുന്നുണ്ട്. ഒരു കൂട്ടം ചെറുപ്പക്കാർ വല്യുപ്പയെ സമീപിക്കുന്നു. ജൂതന്മാരെ തുരത്താൻ വല്യുപ്പയുടെ ഉപദേശ നിർദേശങ്ങൾക്കായി കാതോർത്തുകൊണ്ട്... കുനിഞ്ഞുനിന്നു കള പറിക്കുകയാണ് അമ്മാവൻ യൂസുഫ് മാലിക്.... ഖലീഫയും അബ്ദുൽ അസീസും വീട്ടുമുറ്റത്ത് കളിക്കുന്നു. അറ്റകുറ്റപണികൾക്കു ശേഷം വെള്ളപൂശി ഭംഗിയാക്കിയിട്ടുണ്ട് വീട്... ഉമ്മ തുണി നെയ്യുന്നു. വർണമനോഹരമായ അലങ്കാരചിത്രങ്ങൾ അതിവിദഗ്ധമായി.... അഹ്മദ് ഖലീലിന്റെ കാലൊച്ച കേട്ട് തലയുയർത്തി പുഞ്ചിരിച്ചുകൊണ്ട് ഉമ്മ എന്തോ പറഞ്ഞു... പുറത്ത് കുട്ടികളുടെയും വിള കൊയ്യാൻ പുറപ്പെടുന്നവരുടെയും ആരവം... വയലുകളിലെല്ലാം സ്വർണവർണത്തിൽ കതിർക്കുലകളുടെ കല്ലോലജാലം....

മെല്ലെ അഹ്മദ് ഖലീൽ കണ്ണുതുറന്നു. ആരാണ് തന്റെ അരികിൽ... കാണുന്നില്ലല്ലോ... കണ്ണിൽ ഇരുട്ട്.....

"മോനേ, അബ്ദുർറാസിഖേ, എവിടെയാണ് നീ... എന്റെ കണ്ണ്... അസ്മാ, എന്തൊരിരുട്ട്.........."

"ഇതാ ബാപ്പാ, ഞാൻ അടുത്തുതന്നെയുണ്ട്. വെള്ളം വേണോ?"- അബ്ദുർറാസിഖ് ചോദിച്ചു.

"ബ്രെയ്ലി ഖുർആനുണ്ടോ നിന്റെ കൈയിൽ? എനിക്ക് ഖുർആൻ കേൾക്കണം. അസ്ഹറിൽനിന്ന് നീ കൊണ്ടുവന്ന..."

"ഇല്ല ബാപ്പാ, ഞാനത് കൊണ്ടുവന്നിട്ടില്ല. എന്താണ് ഞാനോതേണ്ടത്? കാണാപ്പാഠമുള്ള സൂറത്തുകൾ..."

"*അൽഫലഖും അന്നാസും* ഓത്."

അബ്ദുർറാസിഖ് ഓതി:

*സൃഷ്ടിജാലങ്ങളുടെ കുത്സിതവൃത്തികളിൽനിന്ന്, ഉഷഃകാലത്തിനുടയതമ്പുരാനേ, നിന്നിൽ ഞാൻ അഭയം തേടുന്നു.*

*നീളേ പരക്കുന്ന, ഉലകാകെ മൂടുന്ന അന്ധകാരത്തിന്റെ അനർഥങ്ങളിൽനിന്ന്, തമോഹരനായ തമ്പുരാനേ, ഞാൻ നിന്നിൽ അഭയം തേടുന്നു.*

*കൂടോത്രക്കാരുടെ കുചേഷ്ടിതങ്ങളിൽനിന്ന്, കരുണാമയനായ അല്ലാഹുവേ, നിന്നിൽ ഞാൻ അഭയം തേടുന്നു. കുശുമ്പ് മുഴുത്തവന്റെ കുരുട്ടുവിദ്യകളിൽനിന്ന്, കൃപാനിധേ, നിന്നിൽ ഞാൻ അഭയം തേടുന്നു.*

(അവസാനിച്ചു)